## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 1705** **04.10. 2016 ൽ മറുപടിക്ക്**

### വൈദ്യുതി ബിൽ കുടിശ്ശിക പിരിയ്ക്കാൻ സ്വീകരിച്ച നടപടികൾ

**ചോദ്യം** **ഉത്തരം**

ശ്രീ. പി.സി.ജോർജ് ശ്രീ.കടകംപള്ളി സുരേന്ദ്രൻ

(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) 14 -ാം കേരള നിയമസഭ 1 -ാം സമ്മേളനത്തിൽ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 1703- ന് നൽകിയ ഗാർഹിക മേഖലയിൽ നിന്നും ബോർഡിന് 76.93 കോടി രൂപയും, വ്യവസായിക മേഖലയിൽ നിന്നും 63.87 കോടി രൂപയുമുൾപ്പെടെ ആകെ 145.30 കോടി രൂപ കുടിശ്ശിക ഇനത്തിൽ കിട്ടാനുണ്ടെന്ന് എന്ന മറുപടി പ്രകാരം ടി കുടിശ്ശിക പിരിയ്ക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (എ) കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കളുടെ വൈദ്യുത ബന്ധം വിച്ഛേദിച്ച ശേഷം മീറ്റർ ഇളക്കിയെടുക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡിപ്പോസിറ്റിൽ നിന്നും കുടിശ്ശിക തുക വകയിരുത്താറുണ്ട്. ഇതിൽ നിന്നും വകയിരുത്താൻ കഴിയാത്ത തുക റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കിവരുന്നു. കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൾ പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) ഇത്രയും കോടി രൂപ പിരിഞ്ഞുകിട്ടാത്തതുമൂലം ബോർഡിന്റെ സാമ്പത്തിക നില ഞെരുക്കത്തിലാണോ; | (ബി) ബിൽതുകകൾ പിരിഞ്ഞു കിട്ടാത്തതിനാലും വൈദ്യുതവില്പന ചെലവുകൾക്കനുസൃതമായ വൈദ്യുത നിരക്കുകൾ ലഭിക്കാത്തതിനാലും ബോർഡിന് സാമ്പത്തിക ഞെരുക്കം അനുഭവപ്പെടുന്നുണ്ട്. |
| (സി) പ്രസ്തുത കുടിശ്ശികക്കാരുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;<br>(ഡി) ഇതിൽ കുടിശ്ശികയായിട്ടുള്ള സർക്കാർ സ്ഥാപനങ്ങൾക്ക് എതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (സി)&(ഡി) കേരള പോലീസ്, കേരള വാട്ടർ അതോറിറ്റി, സർക്കാർ ആശുപത്രികൾ, കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്നവ എന്നിവ ഒഴിച്ചുള്ള വൈദ്യുത കണക്ഷനുകൾ വിച്ഛേദിച്ചിട്ടുണ്ട്. കുടിശ്ശിക വിവരങ്ങൾ വ്യക്തമാക്കുന്ന നോട്ടീസും നൽകാറുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഉപയുക്തമാക്കാനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. |

| | |
|---|---|
| (ഇ) കുടിശ്ശിക പിരിയ്ക്കാൻ കഴിയാത്തത് ബോർഡ് അധികാരികളുടെ വീഴ്ച കൊണ്ടാണോ; വിശദമാക്കുമോ? | (ഇ) അല്ല. |

Shm

സെക്ഷൻ ഓഫീസർ